Draft #8 of File 40905/AC B7/1/2019/AC B 7 (PART-I) Approved by ASSISTANT REGISTRAR IV (ACADEMIC) on 30-Sep-2021 01:13 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ചങ്ങനാശ്ശേരി എസ് ബി കോളേജിലെ പിജി, എംഫിൽ റെഗുലേഷനുകൾ 2019 അഡ്മിഷൻ മുതൽ സർവ്വകലാശാലയുടേതിന് സമാനമാക്കിയതായി അറിയിച്ചിട്ടുള്ളത് അംഗീകരിച്ചുകൊണ്ടും അതിന്റെ അടിസ്ഥാനത്തിൽ 2019 അഡ്മിഷൻ മുതലുള്ള പിജി , എംഫിൽ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ , ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും എം. എസ് സി പോളിമർ , അനാലിറ്റിക്കൽ കെമിസ്ട്രി പ്രോഗ്രാമുകളുടെ 2020 വർഷം മുതലുള്ള പരിഷ്കരിച്ച സിലബസുകൾ സർവകലാശാലയിൽ റെക്കോർഡ് ചെയ്തുവയ്ക്കുന്നതിന് ബഹു. വൈസ് ചാൻസിലർ അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 5107/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.09.2021

---

*പരാമർശം:*-1.09/10/2020 ലെ SBC/Autonomous/Academic/07/2020 നമ്പർ കത്ത്

2.14/7/2020 തീയതിയിലെ 3191/ACBVII/2020/എം ജി യു നമ്പർ ഉത്തരവ്

3. 18/03/2021 ലെ SBC / Autonomous/Acad/16/2021 നമ്പർ കത്ത്

**ഉത്തരവ്**

സ്വയംഭരണ പദവി ലഭിച്ചതിനുശേഷം ചങ്ങനാശ്ശേരി എസ്.ബി കോളേജ് വിവിധ പി ജി പ്രോഗ്രാമുകൾക്ക് സർവകലാശാലയുടെ ഗ്രേഡിംഗ് രീതിയിൽ നിന്നും വ്യത്യസ്തമായ ഗ്രേഡിംഗ് രീതി സ്വീകരിച്ചിരുന്നു. ഇത് ടി പ്രോഗ്രാമുകളിൽ പഠനം നടത്തിയ വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകുന്നതിൽ തടസം സൃഷ്ടിച്ചിരുന്നു.ഈ വിഷയത്തിൽ സിൻഡിക്കേറ്റ് ടി കോളേജിന്റെ പ്രിൻസിപ്പലിനെ ഹിയറിങ്ങിനു വിളിക്കുകയും അതിൻപ്രകാരം കോളേജ് 2018 അഡ്മിഷൻ വരെ പിജി , എം ഫിൽ പ്രോഗ്രാമുകൾക്ക് സ്വീകരിച്ച ഗ്രേഡിംഗ് രീതി അംഗീകരിച്ചുകൊണ്ട് അർഹരായ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ , ഡിഗ്രി സർട്ടിഫിക്കറ്റ് നൽകുന്നതിനും 2019 അഡ്മിഷൻ മുതൽ പ്രസ്തുത പ്രോഗ്രാമുകൾക്ക് സർവകലാശാലയുടെ ഗ്രേഡിംഗ് രീതി സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടും 14/7/2020 തീയതിയിലെ 3191/ACBVII/2020/എം ജി യു നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവ് പ്രകാരം കോളേജ് പി ജി ,എംഫിൽ റെഗുലേഷനുകൾ സർവ്വകലാശാലയുടേതിന് സമാനമാക്കി എന്ന് അറിയിച്ചുകൊണ്ട് പരാമർശം (1 )കത്ത് നൽകിയിരുന്നു.

MSc Polymer ,Analytical Chemistry എന്നിവയുടെ 2020 വർഷം മുതലുള്ള പരിഷ്കരിച്ച സിലബസുകളുടെ വിവരങ്ങളും പരാമർശം (1) കത്തിലൂടെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. ഈ പ്രോഗ്രാമുകളുടെ സിലബസുകളിൽ ചെറിയ പരിഷ്കരണങ്ങൾ മാത്രമാണ് വരുത്തിയിട്ടുള്ളതെന്ന് പരാമർശം (3) കത്തിൽ പ്രിൻസിപ്പൽ വ്യക്തമാക്കിയിരുന്നു.അത് പ്രകാരം MSc Polymer , Analytical കെമിസ്ട്രി പ്രോഗ്രാമുകളുടെ 2020 വർഷം മുതലുള്ള പരിഷ്കരിച്ച സിലബസുകൾ സർവകലാശാലയിൽ റെക്കോർഡ് ചെയ്തുവയ്ക്കുന്നതിനും ബഹു. വൈസ് ചാൻസിലർ അനുമതി

നൽകിയിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ ചങ്ങനാശ്ശേരി എസ് ബി കോളേജിലെ പിജി, എംഫിൽ റെഗുലേഷനുകൾ 2019 അഡ്മിഷൻ മുതൽ സർവ്വകലാശാലയുടേതിന് സമാനമാക്കിയതായി അറിയിച്ചിട്ടുള്ളത് അംഗീകരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ടി കോളേജിലെ 2019 അഡ്മിഷൻ മുതലുള്ള പി.ജി, എംഫിൽ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ , ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും ബഹു. വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

പകർപ്പ്

1. വൈസ്ചാൻസലർ,പ്രൊവൈസ്ചാൻസലർ എന്നിവരുടെ പ്രൈവറ്റ്സെക്രട്ടറിമാർ
2.രജിസ്ട്രാർ, ഫിനാൻസ്ഓഫീസർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ.മാർ
3.പ്രിൻസിപ്പൽ, എസ് ബി കോളേജ് ചങ്ങനാശ്ശേരി
4.ജോയിൻറ്രജിസ്ട്രാർII (ഭരണവിഭാഗം)
5.ഡെപ്യൂട്ടിരജിസ്ട്രാർI/II (അക്കാദമിക്)
6.അസിസ്റ്റന്റ് രജിസ്ട്രാർ IV (അക്കാദമിക്)/.അസിസ്റ്റന്റ് രജിസ്ട്രാർ 22 (പരീക്ഷ )
7.പി.ആർ.ഒ/ കണ്ടൻറ്മാനേജ്മെൻറ്സെൽ/ ഐ.ക്യു.എ.സി.
8 .ഇ.ഐ.36 സെക്ഷൻ/ഇ.ഐ.38 സെക്ഷൻ/ഇ.ഐ.39 സെക്ഷൻ
9. സ്റ്റോക്ക്ഫയൽ/ റെക്കോർഡ്സ് / ഫയൽകോപ്പി

Draft #8 of File 40905/AC B7/1/2019/AC B 7 (PART-I) Approved by ASSISTANT REGISTRAR IV (ACADEMIC) on 30-Sep-2021 01:13 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം